വിതരണത്തിന്റെ കരാർ നൽകിയിട്ടുള്ള കമ്പനികളുടെ പ്രതിനിധികളുമായി വിഷയം ഫെഡറേഷൻ തലത്തിലും സർക്കാർ തലത്തിലും ചർച്ച ചെയ്യുകയും സമയബന്ധിതമായി പെന്റിംഗുള്ള റീഫിൽ വിതരണം പൂർത്തിയാക്കുന്നതിന് ഫെഡറേഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ്

105 (257) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ കീഴിൽ 2000 മാർച്ച് 31-ലെ കണക്കനുസരിച്ച് എത്ര സംഘങ്ങൾ ഉണ്ട് ;

(ബി) ഇവയിൽ 2000 മാർച്ച് 31 വരെ എത്ര സംഘത്തിൽ ഓഡിറ്റിംഗ് പൂർത്തിയാക്കി എന്നും ഇനിയും എത്ര എണ്ണത്തിൽ ഓഡിറ്റിംഗ് നടത്തുവാൻ ബാക്കിയുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) ഓഡിറ്റിംഗ് പൂർത്തിയാക്കാത്തതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) അതാത് വർഷങ്ങളിൽ തന്നെ ഓഡിറ്റിംഗ് പൂർത്തിയാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ ?

ഉത്തരം

(എ) 19919 സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി) ഓഡിറ്റ് ചെയ്യാൻ പറ്റിയ 16650 സഹകരണസംഘങ്ങളിൽ 6034 സഹകരണ സംഘങ്ങളുടെ ഓഡിറ്റ് 1998-99 വർഷം വരെ പൂർത്തിയാക്കി. 10616 സഹകരണ സംഘങ്ങളുടെ വിവിധ വർഷങ്ങളിലെ ഓഡിറ്റിംഗ് നടത്തുവാൻ ബാക്കിയുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാത്തരം സഹകരണ സ്ഥാപനങ്ങളുടെയും ഓഡിറ്റ് സഹകരണ വകുപ്പിലെ ഓഡിറ്റർമാരാണ് നിർവ്വഹിക്കുന്നത്. കഴിഞ്ഞ 6 വർഷത്തിലേറെക്കാലമായി ഓഡിറ്റ് വിഭാഗങ്ങളിൽ 240 ലേറെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. തസ്തികകളിലെ ഒഴിവ് ആണ് ഓഡിറ്റ് യഥാസമയം തീരാത്തതിനുള്ള പ്രധാന കാരണം. കണക്കുകൾ യഥാസമയം എഴുതി പൂർത്തിയാക്കാതിരിക്കുക, ഓഡിറ്റിന് അത്യന്താപേക്ഷിതമായ ഷെഡ്യൂളുകൾ/ സ്റ്റേറ്റ്മെന്റുകൾ എന്നിവ തയ്യാറാക്കി ഓഡിറ്റർക്ക് നൽകാതിരിക്കുക എന്നീ കാര്യങ്ങളിലുള്ള ചില സംഘങ്ങളുടെ വീഴ്ചയും കാരണമാകുന്നുണ്ട്.

(ഡി) 1-1-2000 ന് നിലവിൽ വന്ന കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ 63-ാം വകുപ്പുപ്രകാരം ഓഡിറ്റ് വിഭാഗം വേർപെടുത്തി ഒരു പ്രത്യേക ഡയറക്ടറുടെ കീഴിൽ ആക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവരുന്നു. ഓഡിറ്റർ തസ്തികയിലെ ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള ലിസ്റ്റ് പി. എസ്. സി. പ്രസിദ്ധീകരിക്കുകയും നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടു വരികയുമാണ്. ഓഡിറ്റ് വിഭാഗം വേർപെടുത്തുക, ഒഴിവുകൾ നികത്തുക എന്നീ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാകുന്നതും അതുവഴി കുടിശ്ശിക തീർക്കാനും അതാതു വർഷങ്ങളിൽതന്നെ ഓഡിറ്റ് പൂർത്തിയാക്കാനും കഴിയുന്നതാണ്.

സഹകരണ സംഘം ജീവനക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് നൽകാതിരുന്നതായ പരാതി

106 (258) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഒഴിവുകൾക്ക് പി.എസ്.സി.യിൽ അപേക്ഷ നൽകുവാൻ സംഘങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് മതിയായ പരിചയ സർട്ടിഫിക്കറ്റ് നൽകാതിരുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് പരാതികൾ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചു.

(ബി) രണ്ട് പരാതിക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. മറ്റൊരാളുടെ പരിചയ സർട്ടിഫിക്കറ്റ് നൽകാൻ ബന്ധപ്പെട്ട അധികാരിക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പരാതിക്കാരൻ സർട്ടിഫിക്കറ്റ് നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

ട്രഷറികളിൽ നിക്ഷേപം നടത്തിയ ജില്ലാ സഹകരണ ബാങ്കുകൾ

107 (259) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് ട്രഷറികളിൽ നിക്ഷേപം നടത്തിയിട്ടുള്ളത് ;

(ബി) എന്ത് തുക വീതമാണ് ഈ ജില്ലാ ബാങ്കുകൾ ട്രഷറിയിൽ അടച്ചിട്ടുള്ളത് ;

(സി) പ്രസ്തുത ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര തുക വീതമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly